കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗികാവശ്യത്തിനായി വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

**സ.ഉ (സാധാ)നം:2879/2012/തസ്വഭവ    തിരുവനന്തപുരം, തീയതി: 16/10/2012**

---

പരാമർശം:- 1. തിരുവനന്തപുരം ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ 8/8/2012-ലെ കത്ത്.

2. തിരുവനന്തപുരം പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 23/8/12-ലെ 43/റ്റി/37 നമ്പർ റിപ്പോർട്ട്.

3. 26/9/11 -ാം തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3.10 നമ്പർ തീരുമാനം.

## ഉത്തരവ്

തിരുവനന്തപുരം ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗികാവശ്യങ്ങൾക്ക് ഉപയോഗിച്ചുകൊണ്ടിരുന്ന KL-01-AX 2364-ാം നമ്പർ വാഹനം ചില സാമൂഹ്യ വിരുദ്ധർ അഗ്നിക്കിരയാക്കിയതിനെ തുടർന്ന് ഉപയോഗശൂന്യമായെന്നും നശിച്ച വാഹനം നിയമ, ഇൻഷുറൻസ് നടപടികൾ പൂർത്തിയാക്കി മെയിന്റനൻസ് ചെയ്യാൻ വളരെയധികം കാലതമാസം നേരിടുമെന്നതിനാലും മറ്റു നല്ല കണ്ടീഷനുള്ള വാഹനങ്ങൾ ഒന്നും ജില്ലാ പഞ്ചായത്തിൽ നിലവിലില്ലാത്തതിനാലും വാടകയ്ക്ക് വാഹനം ഏർപ്പെടുത്തു ചെയ്യുന്നത് ജില്ലാ പഞ്ചായത്തിന് വളരെയധികം സാമ്പത്തിക ബാധ്യത വരുത്തിവെയ്ക്കുമെന്നതിനാലും തിരുവനന്തപുരം ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗികാവശ്യങ്ങൾക്കായി ഒരു വാഹനം വാങ്ങുന്നതിനുള്ള അനുമതിയ്ക്കായി പരാമർശം (2) പ്രകാരം തിരുവനന്തപുരം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വാഹനത്തിന്റെ ഉൾഭാഗമൊഴികെ എഞ്ചിനടക്കമുള്ള മുഴുവൻ ഭാഗങ്ങളും കത്തി നശിച്ചിട്ടുണ്ടെന്നും വൻതുക മുടക്കി വാഹനം റിപ്പയർ ചെയ്യുന്നത് സാമ്പത്തികമായി ഫീസിബിൾ അല്ലെന്നും വാഹനം കണ്ടം ചെയ്യാവുന്നതാണെന്നും പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പരാമർശം (2)-ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള നടപടി ക്രമങ്ങളിൽ ഇളവു വരുത്തി തിരുവനന്തപുരം ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗികാവശ്യത്തിനായി 10 ലക്ഷം രൂപയിൽ അധികരിക്കാത്ത തുക വിനിയോഗിച്ച് ഒരു വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഉപയോഗശൂന്യമായ KL-01-AX 2364-ാം നമ്പർ വാഹനം കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

വി.ശോഭ

അഡീഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (LBA&A), തിരുവനന്തപുരം

സെക്രട്ടറി/പ്രസിഡന്റ്, ജില്ലാപഞ്ചായത്ത്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.